DESPATCHED On... 08/06/2020

29/04/2020

# സംസ്ഥാന വിവരാവകാശകമ്മീഷൻ കേരളം

തിരുവനന്തപുരം_695 001
Tel: 0471 2561600/2561614/2561623/2332533, Fax: 0471 2330920
Email: sic.ker@nic.in

**ഹർജി നമ്പർ AP.No.1018(6)/2015/SIC തീർപ്പുകൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം**
**File No.5985/SIC-Gen5/2015**

സന്നിഹിതൻ
ശ്രീ.വിൻസൻ എം.പോൾ, മുഖ്യവിവരാവകാശ കമ്മീഷണർ

ശ്രീ. എം. യഞ്ജേശ്വരമണി,
മാവിള വീട്,
കോട്ടപ്പുറം, പരവൂർ,
കൊല്ലം – 8.
} അപ്പീൽ ഹർജിക്കാരൻ

1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ & ഡെപ്യൂട്ടി തഹസിൽദാർ (ഇൻസ്പെക്ഷൻ), താലൂക്ക് ഓഫീസ്, കൊല്ലം.
2. അപ്പീൽ അധികാരി & അഡീഷണൽ തഹസിൽദാർ, താലൂക്ക് ആഫീസ്, കൊല്ലം.

} എതിർകക്ഷികൾ

| | |
|---|---|
| 6(1) പ്രകാരമുള്ള അപേക്ഷാ തീയതി | 16/01/2015 |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയ തീയതി | 18/02/2015 |
| ഒന്നാം അപ്പീൽ അപേക്ഷാ തീയതി | 09/03/2015 |
| ഒന്നാം അപ്പീൽ അപേക്ഷ തീർപ്പാക്കിയ തീയതി | 23/03/2015 |
| കമ്മീഷനിൽ രണ്ടാം അപ്പീൽ സമർപ്പിച്ച തീയതി | |
| കമ്മീഷനിൽ രണ്ടാം അപ്പീൽ കൈപ്പറ്റിയ തീയതി | 21/04/2015 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 16/05/2015 |
| കമ്മീഷനിൽ റിപ്പോർട്ട് ലഭിച്ച തീയതി | 01/06/2015 |
| ഹിയറിംഗ് നടന്ന തീയതി & സ്ഥലം | 24/2/2020, 18/03/2020 – വീഡിയോ കോൺഫറൻസ് ഹാൾ, കളക്ടറേറ്റ്, കൊല്ലം. |
| ഹിയറിംഗിലെ സാന്നിദ്ധ്യം:അപ്പീൽ ഹർജിക്കാരൻ | ഹാജരായില്ല |
| എസ്.പി.ഐ.ഒ. | ഹാജരായില്ല |

## ഉത്തരവ്

അപ്പീൽ ഹർജിക്കാരനായ ശ്രീ. എം.യഞ്ജേശ്വരമണി, കമ്മീഷൻ മുമ്പാകെ സമർപ്പിച്ച അപ്പീൽ ഹർജിയിൽ ബോധിപ്പിച്ചത്, ടിയാൻ ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയ്ക്ക് ലഭിച്ച മറുപടിയിൽ അറിയിച്ചത്, ബന്ധപ്പെട്ട

ഫയലുകൾ കണ്ടെത്താൻ കഴിഞ്ഞിട്ടില്ല എന്നും കണ്ടെത്തുന്ന മുറയ്ക്ക് കോപ്പി ലഭ്യമാക്കുന്നതാണെന്നുമായിരുന്നു എന്നും ഇക്കാര്യത്തിൽ അപ്പീൽ അപേക്ഷ സമർപ്പിച്ചതിനെ തുടർന്ന് ടിയാൻ ആവശ്യപ്പെട്ട രേഖ 15 ദിവസത്തിനകം സൗജന്യമായി നൽകുന്നതിന് നിർദ്ദേശം നൽകി എന്നും എന്നാൽ നിരവധി തവണ ടിയാൻ സർവ്വെ ഓഫീസിൽ പോയെങ്കിലും ടിയാൻ ആവശ്യപ്പെട്ട കോപ്പി നാളിതുവരെ നൽകിയിട്ടില്ല എന്നാണ്.

2. ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ ഹർജിക്കാരൻ ആവശ്യപ്പെട്ടത്, കൊല്ലം കോട്ടപ്പുറം വില്ലേജിൽ 33 ബ്ലോക്കിൽ 233-9, 13-3 എന്നീ സബ് ഡിവിഷനുകൾ കൊല്ലം താലൂക്ക് സർവ്വെ ഓഫീസിലെ സി.11-59875/11 പി.ബിനം.242/12 തീയതി 28.5.12 നമ്പറായ ഫയലിന്റെ എല്ലാ രേഖകളും വായിച്ചു നോക്കി ആവശ്യമായ രേഖകളുടെ പകർപ്പ് നൽകണമെന്നാണ്. മേൽപ്പടി അപേക്ഷയിന്മേൽ ഒന്നാം എതിർകക്ഷി നൽകിയ മറുപടിയിൽ അറിയിച്ചത്, ഹർജിക്കാരൻ ആവശ്യപ്പെട്ട സി.11-59875/11 നമ്പർ ഫയലിലെ പകർപ്പ് നൽകുന്നതിനായി സർവ്വെ റെക്കോർഡുകളിൽ തെരഞ്ഞുവെങ്കിലും മേൽപ്പടി ഫയൽ നാളിതുവരെ കണ്ടെത്താൻ കഴിഞ്ഞിട്ടില്ല എന്നും അടിയന്തിരമായി മേൽപ്പടി ഫയൽ കണ്ടെത്തി ഹർജിക്കാരൻ ആവശ്യപ്പെട്ട പകർപ്പുകൾ ലഭ്യമാക്കുന്നതാണെന്നുമാണ്.

3. രണ്ടാം എതിർകക്ഷി മുമ്പാകെ ഹർജിക്കാരൻ സമർപ്പിച്ച അപ്പീൽ അപേക്ഷയിൽ പ്രസ്താവിച്ചത്, ഒന്നാം എതിർകക്ഷി നൽകിയ മറുപടി വിവരാവകാശ നിയമത്തിന് വിരുദ്ധമാണെന്നും ആയതിനാൽ ടിയാൻ ആവശ്യപ്പെട്ട എല്ലാ രേഖകളും നൽകുന്നതിനുളള നടപടി സ്വീകരിക്കണമെന്നുമാണ്. മേൽപ്പടി അപ്പീൽ അപേക്ഷ തീർപ്പാക്കി പുറപ്പെടുവിച്ച ഉത്തരവിൽ രണ്ടാം എതിർകക്ഷി പ്രസ്താവിച്ചത്, ഹർജിക്കാരൻ ആവശ്യപ്പെട്ട ഫയൽ കണ്ടെത്താൻ കഴിഞ്ഞില്ല എന്ന ഒന്നാം എതിർകക്ഷിയുടെ മറുപടി തൃപ്തികരമല്ലെന്നും ആയതിനാൽ ഹർജിക്കാരൻ ആവശ്യപ്പെട്ട വിവരങ്ങൾ അടങ്ങിയ ഫയൽ 15 ദിവസത്തിനകം കണ്ടെത്തി ഹർജിക്കാരൻ ആവശ്യപ്പെട്ട വിവരങ്ങൾ സൗജന്യമായി നൽകണമെന്നുമാണ്.

4. രണ്ടാം എതിർകക്ഷി, കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചത്, ഹർജിക്കാരൻ ആവശ്യപ്പെട്ട സി.11-59875/11 നമ്പർ ഫയലിലെ വിവരങ്ങളും പകർപ്പുകളും ഹർജിക്കാരന് 27.4.2015 തീയതി അപ്പീൽ ഉത്തരവുപ്രകാരം അയച്ചു കൊടുത്തിട്ടുണ്ടെന്നും ഒന്നാം എതിർകക്ഷി ഓഫീസിലെ ജോലി തിരക്കുകളും റവന്യു സർവ്വെ അദാലത്ത്, ജനസമ്പർക്ക പരിപാടി തുടങ്ങിയ വിവിധ പരിപാടികളുടെ ആധിക്യം മൂലവും, ആരോഗ്യപരമായ കാരണങ്ങളാൽ ഒന്നാം എതിർകക്ഷി അവധിയിലായതിനാലുമാണ് അപ്പീൽ അധികാരി നിർദ്ദേശിച്ച സമയപരിധിക്കുളളിൽ ഹർജിക്കാരന് ആവശ്യപ്പെട്ട രേഖകൾ നൽകാൻ സാധിക്കാത്തതെന്നും അത്തരം വീഴ്ചകൾ സംഭവിക്കരുതെന്ന് ഒന്നാം എതിർകക്ഷിയെ അറിയിച്ചിട്ടുണ്ടെന്നും മറ്റുമാണ്.

5. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിൽ, ഹർജിക്കാരന്റെ അപേക്ഷയിൽ ആവശ്യപ്പെട്ട വിവരങ്ങൾ അപ്പീൽ ഉത്തരവിനുശേഷം ഹർജിക്കാരന് 27.4.2015 തീയതി അയച്ചു നൽകിയിട്ടുളളതായി കാണുന്നു. ആയതിനാൽ ഈ അപ്പീൽ ഹർജിയിൽ ഈ അവസരത്തിൽ മറ്റു

നടപടികൾ ആവശ്യമില്ലെന്നു വിലയിരുത്തി, ഈ അപ്പീൽ ഹർജി ഇന്നേ ദിവസം 2020 ഏപ്രിൽ 29-ാം തീയതി കമ്മീഷൻ തീർപ്പാക്കുന്നു.

(ഒപ്പ്)
വിൻസൺ എം.പോൾ
മുഖ്യ വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

അഡീഷണൽ സെക്രട്ടറി(നിയമം)

STATE INFORMATION COMMISSION